04/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 208*(2)/2021*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **2842/*എസ്.ഐ.സി-ജി 6/21*)**
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ബാലാജി,
ബാലാജി ഹൗസ്,
മണ്ണാന്തറ, പുതുപ്പരിയാരം പി.ഒ.,
പാലക്കാട്, പിൻ – 678 731.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്,
സി സെക്ഷൻ, താലൂക്ക് ഓഫീസ്,
പാലക്കാട്.

2. അപ്പീൽ അധികാരി&
തഹസിൽദാർ(ഭൂരേഖ),
താലൂക്ക് ഓഫീസ്,
പാലക്കാട്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.11.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.12.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.01.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.02.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.02.2021 |
| ഹിയറിംഗ് നടന്ന തീയതി | 11.11.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 09.11.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

16.3.17 തീയതിവച്ച് **2017/2705/C1** എന്ന നമ്പറിൽ ഒരു **Community Certificate Sobhana, D/o Bava** യ്ക്ക് **issue** ചെയ്തതിന്റെ അടിസ്ഥാന രേഖകളും ഇതു സംബന്ധിച്ച് പുതുപ്പരിയാരം **II** വില്ലേജ് ഓഫീസർ ടി ഓഫീസിൽ സമർപ്പിച്ച സാക്ഷ്യപത്രത്തിന്റെ പകർപ്പ് ഉൾപ്പെടെയുള്ള രേഖകളുടെ പകർപ്പുകളുമാണ്.

ആയതിന് 27.11.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത് ഒരു വ്യക്തിയുടെ ജാതി സംബന്ധമായ വ്യക്തിപരമായ വിവരങ്ങളാണ് എന്നു കാണുന്നുവെന്നും ഇപ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമം വകുപ്പ് 8(ജെ) പ്രകാരം ഒഴിവാക്കപ്പെടേണ്ട വിവരമായതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം നൽകാൻ കഴിയില്ലെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി അറിയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 07.01.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ 31.12.2020നുള്ള വിചാരണ നോട്ടീസ് ഹർജിക്കാരനും എസ്.പി.ഐ.ഒ.യ്ക്കും നൽകുകയും ഇരുകക്ഷികളും ഹാജരാകുകയും ചെയ്തു. ഹർജിക്കാരന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത് ഒരു വ്യക്തിയുടെ ജാതി സംബന്ധമായ വ്യക്തിപരമായ വിവരങ്ങളാണെന്ന് കാണുന്നുവെന്നും ഇപ്രകാരം ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1)(ജെ) പ്രകാരം ഒഴിവാക്കേണ്ട വിവരമായി ബോധ്യപ്പെട്ടതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം നൽകുവാൻ കഴിയാതെ

വന്നിരിക്കുന്നുവെന്ന് എസ്.പി.ഐ.ഒ. മറുപടി നൽകിയതായി കാണുന്നു വെന്നും ടിയാന്റെ അപേക്ഷയും എസ്.പി.ഐ.ഒ. നൽകിയ മറുപടിയും പരി ശോധിച്ചതിൽ നിയമം അനുശാസിക്കും വിധമാണ് നിശ്ചിത സമയത്തിനു ള്ളിൽ ഹർജിക്കാരന് മറുപടി നൽകിയതെന്ന് മനസ്സിലാക്കുന്നുവെന്നാണ്. ആകയാൽ ടി മറുപടിയിൽ അപാകതയൊന്നും കാണാത്ത സാഹചര്യ ത്തിൽ എസ്.പി.ഐ.ഒ. ഹർജിക്കാരന് നൽകിയ മറുപടി ശരിവച്ചുകൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പി ച്ചു. എന്നാൽ ഹർജിക്കാരന്റെ അപ്പീൽ ഹർജി തള്ളിക്കൊണ്ട് തീർപ്പാക്കുക യാണ് ചെയ്തതെന്നാണ് ഹർജിക്കാരൻ പരാതി ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും 14.04.2021ൽ രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ച് പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 നവംബർ 20-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)